പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2712 **28-10-2026-ൽ മറുപടിയ്ക്ക്**

മലമ്പുഴ ഡാമിൽ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യം നീക്കം ചെയ്യൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. പ്രഭാകരൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ജലസേചന വകുപ്പിന്റെ അധീനതയിലുള്ള പ്രധാന അണക്കെട്ടായ മലമ്പുഴ ഡാമിൽ അടിഞ്ഞുകൂടിയിട്ടുള്ള ചളിയും എക്കലും മണലും നീക്കം ചെയ്ത് ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

മറുപടി: കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) പീച്ചി 2019 ൽ മലമ്പുഴ ഡാം റിസെർവോയറിൽ നടത്തിയ IBS പഠനം പ്രകാരം, അണക്കെട്ടിലെ ആകെ സംഭരണശേഷി യഥാർത്ഥ അളവായ 176.17 ദശലക്ഷം ഘനമീറ്ററിൽ (Mm^3) നിന്ന് 127.8 ദശലക്ഷം ഘനമീറ്ററായി കുറഞ്ഞതായി കണ്ടെത്തി; സെഡിമെന്റേഷൻ മൂലം സംഭരണശേഷിയിൽ 27.46 ശതമാനം കുറവാണ് ഉണ്ടായത്.

മലമ്പുഴ അണക്കെട്ടിലെയും കാഞ്ഞിരപ്പുഴ അണക്കെട്ടിലെയും എക്കൽ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട DPR തയ്യാറാക്കുന്നതിനായുള്ള SEDIMENTS ന്റെ സാംപ്ലിങ്ങിനും അനാലിസിസിനും ആയി 2,13,15,000 രൂപ (രണ്ട് കോടി പതിമൂന്ന് ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

മേൽ പ്രവൃത്തി നടത്താനായി കേന്ദ്ര സ്വയം ഭരണ സ്ഥാപനമായ NCESS (National Centre for Earth Science Studies) ഉം ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള KERI, PEECHI (Kerala Engineeing Research Institute) ഉം DSR 2018 നിരക്കിൽ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രവൃത്തി നടത്താൻ 50% തുക മുൻകൂറായി നൽകണമെന്ന മേൽ ഏജൻസികളുടെ ആവശ്യം നടപ്പാക്കാൻ കഴിയാത്തതിനെ തുടർന്ന് investigation works ടെൻഡർ നടപടിക്രമങ്ങളിലൂടെ ഏറ്റെടുക്കാൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 2021 schedule നിലവിൽ വന്നതിനാൽ, നിലവിൽ സമർപ്പിച്ച എസ്റ്റിമേറ്റിലെ ഗ്രിഡ് സൈസ് പ്രകാരം ഏകദേശം 283.49 ലക്ഷം രൂപ വരുന്നുണ്ട്.

എന്നാൽ പ്രവൃത്തിയുടെ ചെലവ് അനുവദിച്ച തുകക്കുള്ളിൽ നിർത്തുന്നതിന്റെ ഭാഗമായുള്ള ചർച്ചകളിൽ ഗ്രിഡുകളുടെ എണ്ണം കുറച്ച് അടങ്കൽ തയ്യാറാക്കിയാൽ ചെലവ് അനുവദിച്ച തുകയ്ക്കുള്ളിൽ തന്നെ നിർത്താൻ കഴിയുമെന്ന് മനസിലായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത രീതിയിൽ പഠനം നടത്തുന്നതിനുള്ള അനുമതിക്കും, ആയതിനാവശ്യമായ 50% അഡ്വാൻസ് തുക 3,07,500/- രൂപ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ